**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5357** **21-03-2025 - ൽ മറുപടിയ്ക്ക്**

**റോഡുകളിലെ വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗം മൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സർക്കാർ ഒരുക്കിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നിലവിൽ SVDS (Speed Violation Detection System), MSVDS (Mobile Speed Violation Detection System) സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നു.<br><br>വേഗപരിധി ലംഘനങ്ങൾ കണ്ടെത്താനായി 50 പ്രധാന സ്ഥലങ്ങളിലായി പോലീസ് വകുപ്പും കെൽട്രോണും ചേർന്ന് 2014-ൽ സ്ഥാപിച്ച പഴയ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന 100 ക്യാമറകൾ നിലവിൽ കാലപ്പഴക്കം മൂലം പ്രവർത്തന രഹിതമായതിനാൽ ടി ക്യാമറകൾക്ക് പകരം ആധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ പോലീസ് വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചതും, പ്രതിവർഷപ്രവർത്തന ചെലവായ 3.9 കോടി രൂപയടക്കം ആദ്യവർഷത്തിൽ 34.5 കോടിരൂപ ചെലവ് കണക്കാക്കിയിട്ടുള്ളതുമായ കരട് പദ്ധതി, ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റ് വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ പരിശോധിച്ചു വരികയാണ്.<br><br>ഇന്റർസെപ്റ്റർ വാഹനങ്ങൾ, ഹൈവേ പോലീസ് വാഹനങ്ങൾ, പോലീസ് സ്റ്റേഷൻ വാഹനങ്ങൾ തുടങ്ങിയവയിലെ സ്പീഡ് റഡാർ ക്യാമറ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള നിരന്തര നിരീക്ഷണങ്ങളിലൂടെ വാഹനങ്ങളുടെ അമിതവേഗത മൂലമുള്ള അപകടങ്ങൾ കുറയ്ക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശോധനകൾ വിപുലമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) | റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗം നിരീക്ഷിക്കുന്നതിന് നിലവിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നിലവിൽ SVDS (Speed Violation Detection System), MSVDS (Mobile Speed Violation Detection System) സംവിധാനങ്ങൾ ഉപയോഗിച്ച് വരുന്നു.<br><br>വേഗപരിധി ലംഘനങ്ങൾ കണ്ടെത്താനായി 50 പ്രധാന സ്ഥലങ്ങളിലായി പോലീസ് വകുപ്പും കെൽട്രോണും ചേർന്ന് 2014-ൽ സ്ഥാപിച്ച പഴയ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന 100 ക്യാമറകൾ നിലവിൽ കാലപ്പഴക്കം മൂലം പ്രവർത്തന രഹിതമായതിനാൽ ടി ക്യാമറകൾക്ക് പകരം ആധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ പോലീസ് വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചതും, പ്രതിവർഷപ്രവർത്തന ചെലവായ 3.9 കോടി രൂപയടക്കം ആദ്യവർഷത്തിൽ 34.5 കോടിരൂപ ചെലവ് കണക്കാക്കിയിട്ടുള്ളതുമായ കരട് പദ്ധതി, ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റ് വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ പരിശോധിച്ച് വരികയാണ്.<br><br>ഇന്റർസെപ്റ്റർ വാഹനങ്ങൾ, ഹൈവേ പോലീസ് വാഹനങ്ങൾ, പോലീസ് സ്റ്റേഷൻ വാഹനങ്ങൾ തുടങ്ങിയവയിലെ സ്പീഡ് റഡാർ ക്യാമറ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള നിരന്തര നിരീക്ഷണങ്ങളിലൂടെ വാഹനങ്ങളുടെ അമിതവേഗത മൂലമുള്ള അപകടങ്ങൾ കുറയ്ക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശോധനകൾ വിപുലമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) | അമിതവേഗത മൂലം ഉണ്ടാകുന്ന അപകടങ്ങളിൽ കാരണക്കാരാകുന്നവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | അമിത വേഗത മൂലം ഉണ്ടാകുന്ന വാഹനാപകടങ്ങളിൽ അതിന് കാരണമാകുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നു. കൂടാതെ ടി വാഹനങ്ങളുടെ ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യാറുണ്ട്. നിയമലംഘനം നടത്തുന്ന വാഹന ഉടമകൾക്ക് പിഴയും ചുമത്താറുണ്ട്. |
| (ഡി) | വാഹനങ്ങളുടെ വേഗം നിരീക്ഷിക്കുന്നതിന് ജിയോ ഫെൻസിങ് സംവിധാനം | (ഡി) | നിലവിൽ വാഹനങ്ങളുടെ വേഗത നിരീക്ഷിക്കുന്നതിനുള്ള ജിയോ ഫെൻസിങ് പദ്ധതി |

| | | | |
|---|---|---|---|
| | നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | നിലവിലില്ല. |

സെക്ഷൻ ഓഫീസർ